നടപ്പിലാക്കിവരുന്നു. സ്വന്തം നിലയിൽ ഏതെങ്കിലും വ്യവസായമോ, തൊഴിലോ, കച്ചവടമോ, ആരംഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും, അതിനാവശ്യമുള്ള മൂലധനം ലഭ്യമാക്കുന്നതിനുമുള്ള പരിപാടികളും തൊഴിൽ പരിശീലനത്തെത്തുടർന്ന് നടപ്പാക്കേണ്ടതാണെന്ന് ഗവൺമെൻറു കരുതുന്നു. ഈ ഉദ്ദേശം മുൻനിറുത്തി പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്നവർക്ക് സാമ്പത്തികസഹായം നൽകുന്നതിന്, ഒരു കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ഇതിന് അവസാനരൂപം നൽകിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ട് ഒരു ടോക്കൺ സംഖ്യ മാത്രമേ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ.

ചില ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകളും, ഗവൺമെൻറിൻെറ ധനസഹായത്തോടുകൂടി ചില സ്വകാര്യ സ്ഥാപനങ്ങളും നടത്തിവരുന്ന സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുന്നതിന് ഒരു സാമൂഹ്യക്ഷേമ ബോർഡ് രൂപീകരിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു. ഇതിലേക്ക് ഒരു ടോക്കൺ സംഖ്യ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഭവന നിർമ്മാണം

പാർപ്പിടം ഒരു പ്രാഥമികാവശ്യമാണ്. കേരളത്തെപ്പോലെ ജനപ്പെരുപ്പമുള്ള ഒരു സംസ്ഥാനത്ത് ഇക്കാര്യത്തിലുള്ള ഉപേക്ഷ ആരോഗ്യത്തേയും ശുചിത്വത്തേയും സംബന്ധിച്ചിടത്തോളം സ്ഫോടനാത്മകമായ ഒരു അവസ്ഥ സൃഷ്ടിക്കാവുന്നതാണ്. ഭവന നിർമ്മാണ പരിപാടികളെ ത്വരിതപ്പെടുത്തുന്നതിന്, വിലങ്ങുതടിയായി നിൽക്കുന്നത് സംസ്ഥാനത്തിൻെറ സാമ്പത്തിക പരാധീനതകളാണ്. വർഷംതോറും ഗവൺമെൻറു നീക്കിവയ്ക്കാറുള്ള പരിമിതമായ തുകകൾ ഈ പ്രശ്നപരിഹാരത്തിന് കാര്യമായ പുരോഗതിയുണ്ടാക്കുവാൻ പര്യാപ്തമായിട്ടില്ല. അതിനാൽ ഗവൺമെൻറ് ഒരു ഭവനനിർമ്മാണ ബോർഡ് സ്ഥാപിക്കുന്നതിനും, അതുവഴി ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ധനസഹായം നേടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. അതിനാൽ നിർദ്ദിഷ്ടമായ ഭവനനിർമ്മാണ ബോർഡിൻെറ സ്ഥാപനം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണെന്നും ഈ സംസ്ഥാനത്തെ തീക്ഷ്ണമായ പാർപ്പിട പ്രശ്നത്തിൻെറ പരിഹാരത്തിന് ബോർഡ് നൂതനമായ ഒരു സരണിയിലൂടെ ചലിക്കുമെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

പ്രസ്തുതബോർഡ് സംഘടിപ്പിക്കുന്നത് പ്രതീക്ഷിച്ചുകൊണ്ട് സാധാരണഗതിയിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കായി ഒരു കോടിയോളം രൂപാ നീക്കിവച്ചിട്ടുണ്ട്. ഇതിനും പുറമേ 30 ലക്ഷം രൂപാ പോലീസുകാർക്കുള്ള ഭവന നിർമ്മാണത്തിനായും ചേർത്തിരിക്കുന്നു.

ധനകാര്യവികസന കോർപ്പറേഷനുകൾ

സംസ്ഥാനത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് ജലവിതരണം, ഡ്രെയിനേജ്, പന്തകൾ, റോഡുകൾ, വാണിജ്യസ്ഥാപനങ്ങൾ എന്നിങ്ങനെയുള്ള വികസനപദ്ധതികൾക്കു വേണ്ടി ഗണ്യമായ തോതിലുള്ള ധനസഹായം ആവശ്യമുണ്ട്. സംസ്ഥാന ഗവൺമെൻറിൽനിന്നുള്ള വായ്പകളെയാണ് ഇക്കാര്യത്തിൽ അവർ പ്രധാനമായും ആശ്രയിക്കുന്നത്. എന്നാൽ ഗവൺമെൻറിനുതന്നെ വമ്പിച്ച സാമ്പത്തിക പരാധീനതകൾ ഉള്ളതിനാൽ സംസ്ഥാന ഖജനാവിൽനിന്ന് ആവശ്യമായ സാമ്പത്തികസഹായം നൽകാൻ സാദ്ധ്യമാകാതെയാണിരിക്കുന്നത്. കേന്ദ്രഗവൺമെൻറ് 1966-ൽ നിയമിച്ച ''രൂറൽ-അർബൻ റിലേഷൻഷിപ്പ് കമ്മിറ്റി'' ഒരു മുനിസിപ്പൽ

LIBRARY ARCHIVES Kerala Legislative Assembly

ഫൈനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്നതിനു ശുപാർശചയ്തിട്ടുണ്ട്. 1958-ലെ കേരളസംസ്ഥാന നികുതി അന്വേഷണ കമ്മിറ്റിയും ഒരു ലോക്കൽ ഫൈനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കുന്നതിനു നിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് നഗരങ്ങളിലെ സ്വയം ഭരണസ്ഥാപനങ്ങൾക്ക് അവയുടെ വികസന പദ്ധതികൾക്കു ധനസഹായം നൽകുന്നതിനായി ഒരു നഗരവികസന ധനകാര്യകോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. ഇത് ഇൻഡ്യയിൽ ഇത്തരത്തിലുള്ള ആദ്യത്തെ കോർപ്പറേഷനാണ്.

പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾക്ക് ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുവേണ്ടി ഒരു ഗ്രാമവികസന ധനകാര്യകോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശമുണ്ട്. ഈ കോർപ്പറേഷനു മറ്റു ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ആദായകരവും സ്വയം പ്രവർത്തനക്ഷമവുമായ എല്ലാ പദ്ധതികൾക്കും ധനസഹായം നൽകാൻ കഴിയുമെന്നു പ്രത്യാശിക്കുന്നു.

വെയ്സ് ആൻഡ് മീൻസ്

റവന്യൂ അക്കൗണ്ടിൽ 13.48 കോടി രൂപയുടെ കമ്മിയാണുള്ളത്. മൂലധനച്ചെലവിനും വായ്പകളും അഡ്വാൻസുകളും നൽകുന്നതിനും 1970–71–ൽ 27.70 കോടിരൂപയുടെ മുതൽമുടക്ക് ഉൾക്കൊള്ളുന്ന പരിപാടികളാണ് ബഡ്ജറ്റ് വിഭാവനം ചെയ്യുന്നത്. ഈ പദ്ധതികൾക്കുള്ള ധനാഗമമാർഗ്ഗമെന്ന നിലയ്ക്ക് 9 കോടി രൂപയുടെ പൊതുക്കടം അടുത്തവർഷം എടുക്കുന്നതാണ്. അതേസമയം 3.27 കോടി രൂപയുടെ ഒരു പൊതുക്കടം വീട്ടേണ്ടതായിട്ടുമുണ്ട്. ഇൻഡ്യാ ഗവൺമെൻറിൽനിന്നും 28.75 കോടി രൂപയുടെ മൊത്തം വായ്പ പ്രതീക്ഷിക്കുന്നുണ്ട്. സംസ്ഥാന വാർഷിക പദ്ധതിക്കുള്ള 22.22 കോടി രൂപയും ചെറുകിട സമ്പാദ്യങ്ങളുടെ വിഹിതമായ 1.75 കോടി രൂപയും ഈ തുകയിൽ അടങ്ങിയിരിക്കുന്നു. ഇതിനെതിരെ 24.51 കോടി രൂപ വായ്പ ഇനത്തിൽ കേന്ദ്രത്തിനു തിരിച്ചു നൽകേണ്ടതാണ്. ലൈഫ് ഇൻഷ്വറൻസ് കോർപ്പൊറേഷനിൽനിന്നും റിസർവ്വ് ബാങ്കിൽനിന്നും ഒന്നരക്കോടി രൂപലഭിക്കുമെന്നു കണക്കാക്കിയിരിക്കുന്നു. ''മുതൽ വയ്ക്കാത്ത കട'' (''അൺഫണ്ടഡ് ഡെറ്റ്'') ഇനത്തിൽ 3.26 കോടി രൂപയുടെ അറ്റവരവ് ഉണ്ടാകും. തന്നാണ്ടിൽ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് നിക്ഷേപിച്ച 2 കോടി രൂപ അടുത്തവർഷം തിരിയെക്കൊടുക്കുന്നതിനും വകകൊള്ളിച്ചിട്ടുണ്ട്.

സഭയിൽ അവതരിപ്പിക്കുന്ന വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പ്രകാരമുള്ളനില താഴെ കാണിച്ചിരിക്കുന്നപ്രകാരം സംഗ്രഹിക്കാം:

	രൂപ കോടിയിൽ
റവന്യൂ കമ്മി	(—) 13.48
മൂലധനച്ചെലവ്	(—) 18.62
വായ്പകളും അഡ്വാൻസുകളും (അറ്റച്ചെലവ്)	(—) 8.08
കടവും നിക്ഷേപങ്ങളും (അറ്റ വരവ്)	(—) 15.32
മൊത്തം കമ്മി	(—) 13.74
വർഷാരംഭത്തിൽ നീക്കിയിരുപ്പ്	(—) 25.86
വർഷാവസാനത്തിൽ നീക്കിയിരുപ്പ്	(—) 39.60

13.48 കോടി രൂപയുടെ റവന്യൂ കമ്മിയും 12.38 കോടി രൂപയുടെ മൂലധനക്കമ്മിയും കൂടി ചേർന്നതാണ് മൊത്തം കമ്മിയായ 25.86 കോടി

LIBRARY ARCHIVES Kerala Legislative Assembly